## 15 -ാം കേരള നിയമസഭ

## 4 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 190** **17-03-2022 - ല്‍ മറുപടിയ്ക്ക്**

## ഭക്ഷ്യ സംസ്കരണ വ്യവസായ യൂണിറ്റുകള്‍

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആര്‍. സുനില്‍കുമാര്‍,<br>ശ്രീ ഇ ചന്ദ്രശേഖരന്‍,<br>ശ്രീ വി ശശി,<br>ശ്രീ. വാഴൂര്‍ സോമന്‍ | | null<br>(നിയമം, വ്യവസായം, കയര്‍ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിന്റെ തനത് കാര്‍ഷിക ഉല്പന്നങ്ങളില്‍ അധിഷ്ഠിതമായി പ്രവര്‍ത്തിക്കുന്ന ഭക്ഷ്യ സംസ്കരണ വ്യവസായ യൂണിറ്റുകളെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടികള്‍ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കേരളത്തിന്റെ ഭക്ഷ്യ സംസ്കരണ വ്യവസായ യൂണിറ്റുകളുടെ പ്രാധാന്യം കൂടി കണക്കാക്കി പ്രസ്തുത മേഖലയുടെ വികസനത്തിനായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി സംരംഭക സഹായ പദ്ധതി 2012 മുതല്‍ നടപ്പിലാക്കി വരുന്നുണ്ട്. പ്രാരംഭ സഹായം, നിക്ഷേപ സഹായം, സാങ്കേതിക സഹായം എന്നീ മൂന്ന് ഘട്ടങ്ങളായാണ് സഹായം നല്കുന്നത്. സംരംഭക സഹായ പദ്ധതി പ്രകാരം ഉല്‍പാദന സംരംഭങ്ങള്‍ക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 15 % മുതല്‍ 30 % വരെ പരമാവധി 40 ലക്ഷം രൂപ വരെ ധനസഹായം നല്‍കുന്നു. കോവിഡ് -19 ന്റെ ഭാഗമായി പ്രഖ്യാപിച്ച വ്യവസായഭദ്രത പാക്കേജ് പ്രകാരം സംരംഭകത്വ സഹായപദ്ധതി പ്രകാരം പ്രത്യേകവിഭാഗത്തില്‍ ഉള്‍പ്പെട്ട യുവാക്കള്‍, വനിതകള്‍ SC/ST വിഭാഗം എന്നിവര്‍ക്ക് അധികമായി നല്‍കുന്ന സബ്സിഡി 5 % എന്നത് 10 % ആയി വര്‍ദ്ധിപ്പിക്കുകയും പ്രത്യേക വിഭാഗത്തില്‍ NRK-യെ കൂടി ഉള്‍പ്പെടുത്തുകയും ചെയ്തിട്ടുണ്ട്.ഭക്ഷ്യ സംസ്കരണ മേഖലയില്‍ 10 % അധിക സബ്സിഡി നല്‍കി വരുന്നു. കൂടാതെ നാനോ ഗാര്‍ഹിക സംരംഭകര്‍ക്കുള്ള പലിശ സബ്സിഡി പദ്ധതി ചെറുകിട യൂണിറ്റുകള്‍ക്ക് നല്‍കുന്ന മാര്‍ജിന്‍ മണി ഗ്രാന്റ് പദ്ധതി എന്നിവയും നടപ്പിലാക്കി വരുന്നു. വ്യവസായ വകുപ്പ് വഴി നടപ്പിലാക്കി വരുന്ന, ഉല്‍പ്പാദന മേഖലയിലുള്ള സംരംഭങ്ങള്‍ക്ക് സ്ഥിര നിക്ഷേപത്തിന് മേല്‍ സാമ്പത്തിക സഹായം നല്‍കുന്ന പദ്ധതിയായ സംരംഭക സഹായ പദ്ധതി (ESS)യില്‍ ഭക്ഷ്യ സംസ്കരണ മേഖലയെ മുന്‍ഗണനാ വിഭാഗത്തില്‍ ഉള്‍പ്പെടുത്തി അധിക സഹായമായി ആകെ സ്ഥിര നിക്ഷേപത്തിന്റെ 10 % പരമാവധി 10 ലക്ഷം രൂപ അധിക സബ്സിഡി ഉള്‍പ്പെടെ 30 ലക്ഷം |

| | | | |
|---|---|---|---|
| | | | രൂപ വരെ സബ്സിഡിയായി നൽകി വരുന്നു. വ്യവസായ വകുപ്പ് വഴി നടപ്പിലാക്കുന്ന കേന്ദ്ര ഭക്ഷ്യ വ്യവസായ മന്ത്രാലയത്തിന്റെ പദ്ധതിയായ PMFME (Prime Ministers Formalization of Micro Food Processing Enterprises) പദ്ധതി വഴി സൂക്ഷ്മ ഭക്ഷ്യ സംസ്കരണ മേഖലയിലെ വായ്പാബന്ധിത പദ്ധതികൾക്ക് സാമ്പത്തിക സഹായം നൽകുന്നു. വ്യക്തിഗത സംരംഭങ്ങൾക്ക് പദ്ധതി ചെലവിന്റെ 35 % പരമാവധി 10 ലക്ഷം രൂപ വരെയാണ് സബ്സിഡി. ജില്ലാ തലത്തിൽ കണ്ടെത്തിയിട്ടുള്ള ODOP (One District One Product) ഉല്പന്നത്തിന്റെ സംസ്കരണത്തിന് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും, നിലവിൽ പ്രവർത്തിക്കുന്ന മറ്റു ഭക്ഷ്യ ഉൽപ്പന്നങ്ങളുടെ സംസ്കരണ സ്ഥാപനങ്ങൾക്കും ഈ പദ്ധതി പ്രകാരമുള്ള സഹായം നൽകുന്നു. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി അനുയോജ്യരായ സംരംഭകരെ കണ്ടെത്തി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ഭക്ഷ്യ സംസ്കരണ വ്യവസായ യൂണിറ്റുകളെ പ്രോത്സാഹിപ്പിക്കുന്നതിന് കിൻഫ്ര അടൂർ, നെല്ലാട്, കാക്കഞ്ചേരി എന്നിവിടങ്ങളിൽ ഫുഡ് പാർക്കുകളും, കാക്കഞ്ചേരിയിൽ ഒരു കാർഷിക അധിഷ്ഠിത ഭക്ഷ്യസംസ്കരണ സ്പെഷ്യൽ എക്കണോമിക് സോണും സ്ഥാപിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിൽ കിൻഫ്ര മെഗാ ഫുഡ് പാർക്കും ചേർത്തലയിൽ കെ.എസ്.ഐ.ഡി.സി. മെഗാ ഫുഡ് പാർക്കും സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) | കർഷകരുടെ ഉല്പന്നങ്ങൾക്ക് മികച്ച വിപണന സാധ്യതകളും ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള ഭക്ഷണ പദാർത്ഥങ്ങളും ലഭ്യമാക്കുന്നതിന് മെഗാ ഫുഡ് പാർക്കുകൾ ആരംഭിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (ബി) | കർഷകരുടെ ഉല്പന്നങ്ങൾക്ക് മികച്ച വിപണന സാധ്യതകളും ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള ഭക്ഷണ പദാർത്ഥങ്ങളും ലഭ്യമാക്കുന്നതിന് കിൻഫ്ര അടൂർ, നെല്ലാട്, കാക്കഞ്ചേരി എന്നിവിടങ്ങളിൽ ഫുഡ് പാർക്കുകളും, കാക്കാഞ്ചേരി ഒരു കാർഷിക അധിഷ്ഠിത ഭക്ഷ്യസംസ്കരണ സ്പെഷ്യൽ എക്കണോമിക് സോണും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്ര ഭക്ഷ്യസംസ്കരണ മന്ത്രാലയത്തിന്റെ മെഗഫുഡ് പാർക്ക് സ്കീമിൽ ഉൾപ്പെടുത്തി 50 കോടി ധനസഹായത്തോടുകൂടി പാലക്കാട് ജില്ലയിൽ 79 ഏക്കർ ഭൂമിയിൽ കിൻഫ്ര ഒരു മെഗാ ഫുഡ് പാർക്കും സ്ഥാപിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ആകെ ചെലവ് 119.02 കോടി രൂപയാണ്. പ്രസ്തുത പാർക്കിൽ അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി, വികസിപ്പിച്ച റോഡുകൾ എന്നിവ കൂടാതെ പ്രത്യേക അടിസ്ഥാന സൗകര്യങ്ങളായ കോൾഡ് സ്റ്റോറേജ്, റിപ്പനിംഗ് ചേമ്പർ, പാക്ക് ഹൗസ്, വെയർ ഹൗസ്, സുഗന്ധ വ്യഞ്ജന സംസ്കരണ സംവിധാനം, ഗുണനിലവാര ലാബുകൾ എന്നീ സൗകര്യങ്ങളും |

| | | | |
|---|---|---|---|
| | | | വികസിപ്പിച്ചിട്ടുണ്ട്. പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും 40 വ്യവസായ സംരംഭകർക്ക് ഭൂമി അലോട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. മത്സ്യസംസ്കരണ മേഖലയെ പോത്സാഹിപ്പിക്കുന്നതിനായി ആലപ്പുഴയിലെ ചേർത്തലയിലെ പള്ളിപ്പുറത്ത് കെ.എസ്.ഐ.ഡി.സി യുടെ കീഴിൽ 84.03 ഏക്കറിൽ മെഗാ ഫുഡ് പാർക്ക് സ്ഥാപിച്ചിട്ടുണ്ട്. |
| (സി) | ഭക്ഷ്യസംസ്കരണ വ്യവസായ മേഖലയിൽ കേരളത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി ഒരു ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കണമെന്ന ആവശ്യം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഇല്ല |
| (ഡി) | സീറോ വേസ്റ്റ് എന്ന കാഴ്ചപ്പാടോടെ മത്സ്യം ഉപയോഗിക്കാൻ കഴിയുന്ന മൂല്യവർദ്ധിത ഉല്പന്ന വ്യവസായങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകാനും കൂടുതൽ മിനി സീ ഫുഡ് പ്രോസസ്സിംഗ് പാർക്കുകൾ ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ആലപ്പുഴയിലെ മെഗാഫുഡ് പാർക്കിന്റെ വിജകരമായ പ്രവർത്തനം മുൻനിർത്തിയും ഈ മേഖലയിലെ സംസ്ഥാനത്തിന്റെ പ്രാഗൽഭ്യവും പ്രാധാന്യവും കണക്കിലെടുത്തും 2-3 മെഗാ സീ ഫുഡ് പാർക്കുകൾ ആരംഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര ഭക്ഷ്യ സംസ്കരണ വകുപ്പ് മന്ത്രിക്ക് നേരിൽ കണ്ട് നിവേദനം സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ